## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.513 — 11.12.2012 ൽ മറുപടിയ്ക്ക്

### സ്കൂൾ ബസ്സ് ഡ്രൈവർമാർക്ക് ബോധവൽക്കരണ - പരിശീലന ക്യാമ്പുകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്കൂൾ ബസ്സ് ഡ്രൈവർമാർക്ക് മോട്ടോർ വാഹനവകുപ്പ് ബോധൽക്കരണ - പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | തൃശ്ശൂർ ആർ.ടി.ഒ.യും ചാലക്കുടി, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ഒറ്റപ്പാലം, മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, തിരൂരങ്ങാടി എന്നീ ജോയിന്റ് ആർ.ടി.ഒ.മാരും, വിവിധ സ്ഥലങ്ങളിൽ വച്ച് ഡ്രൈവർമാർക്കുള്ള ബോധവത്കരണ പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ കണ്ണൂർ, കാഞ്ഞങ്ങാട്, കാസർഗോഡ്, സുൽത്താൻ ബത്തേരി, രാമനാട്ടുകര, ചേവായൂർ, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, കൊട്ടാരക്കര,പുനലൂർ, എറണാകുളം, മട്ടാഞ്ചേരി, ആലുവ, തൃപ്പൂണിത്തുറ, ചങ്ങനാശ്ശേരി, വൈക്കം, കോട്ടയം, കാഞ്ഞിരപ്പള്ളി, പാലാ, അടിമാലി, തൊടുപുഴ, കോതമംഗലം, മൂവാറ്റുപുഴ, കൊയിലാണ്ടി എന്നിവിടങ്ങളിൽ വച്ചും പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാത്ത ഡ്രൈവർമാർ - ക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ; | (ബി) | ഇല്ല. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത് നിയമപരമായി നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ നടപടി എടുക്കാനാവില്ല. |
| (സി) ഈ അദ്ധ്യയന വർഷത്തിൽ അപകടത്തിൽപ്പെട്ട സ്കൂൾ ബസ്സിന്റെ ഡ്രൈവർമാരിൽ ആരെങ്കിലും പ്രസ്തുത ക്യാമ്പിൽ പരിശീലനം നേടിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) | പരിശോധിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പരിധിയിൽ അപകടം സംഭവിച്ച സ്കൂൾ വാഹനം ഓടിച്ചിരുന്നയാൾ പരിശീലന ക്ലാസ്സിൽ പങ്കെടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ.